# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5559** **02/07/2014-ൽ മറുപടിക്ക്**

## ആർ.സി.സി.യിലെ നിയമനങ്ങൾ

**ചോദ്യം** — **ശ്രീ. മോൻസ് ജോസഫ്**

**മറുപടി** — **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | റീജിയണൽ കാൻസർ സെന്ററിൽ വിവിധ പ്രോജക്ടുകളിൽ 10 വർഷത്തിലധികമായി ജോലി നോക്കി വരുന്ന ജീവനക്കാർക്ക് സ്ഥിരനിയമന സാധ്യത ആലോചിക്കുന്നുണ്ടോ ; | (എ) | പ്രോജക്ടുകളിൽ ജോലി നോക്കി വരുന്ന 10 വർഷത്തിനു മുകളിൽ സർവ്വീസുള്ള ജീവനക്കാരുടെ സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | റീജീയണൽ കാൻസർ സെന്ററിലെ പ്രോജക്ട് ജീവനക്കാരെ ഉത്തരവനുസരിച്ച് സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; | (ബി) | 02-03-2001-ാം തീയതിയിലെ ആർ.സി.സി.യുടെ ഗവേണിംഗ് ബോഡി തീരുമാനപ്രകാരം ആർ.സി.സി.യിൽ ജോലി ചെയ്തിരുന്ന 72 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിരുന്നു. അതിൽ പ്രോജക്ട് ജീവനക്കാരും ഉൾപ്പെട്ടിരുന്നു. |
| (സി) | റീജീയണൽ കാൻസർ സെന്ററിലെ പ്രോജക്ട് വിഭാഗം ജീവനക്കാർക്കും ശമ്പള സ്കെയിൽ അനുസരിച്ച് ശമ്പളം നൽകാമോ ; ഇതിന്റെ തടസ്സം വ്യക്തമാക്കാമോ ; | (സി) | റീജിയണൽ കാൻസർ സെൻററിൽ പ്രോജക്ടു് വിഭാഗം ജീവനക്കാർ പുറമേയുള്ള ഏജൻസികൾ അനുവാദം തന്നിട്ടുള്ള റിസർച്ച് പ്രോജക്ടുകളിലാണ് ജോലി ചെയ്യുന്നത്. അവർക്ക് ശമ്പളം നൽകുന്നത് ഏജൻസികൾ തന്നിട്ടുള്ള ഫണ്ടിൽ നിന്നാണ്. ഏജൻസികൾ ഫണ്ട് അനുവദിക്കുമ്പോൾ അവർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം ഒരു നിശ്ചിത റേറ്റ് അനുസരിച്ച് ശമ്പളത്തിനായി ഒരു തുക വകയിരുത്തിയിട്ടുണ്ട്. അനുവദിച്ചിട്ടുള്ള ശമ്പളത്തിൽ വ്യത്യാസം വരുത്തുവാൻ ആർ.സി.സിക്ക് അനുവാദം ഇല്ല. പ്രോജക്ടു് തീരുമ്പോൾ പ്രസ്തുത പോസ്റ്റും ഇല്ലാതാകും. ആയതിനാൽ ശമ്പള സ്കെയിലിൽ പ്രോജക്ടു് സ്റ്റാഫിനെ നിയമിക്കുന്ന കാര്യം പ്രായോഗികമല്ല. |
| (ഡി) | ആർ.സി.സി. നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുന്നുണ്ടോ ? | (ഡി) | ആർ.സി.സി.യിലെ സ്ഥിര നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്ന കാര്യം ഇപ്പോൾ ആലോചിക്കുന്നില്ല. ആർ.സി.സി.യിൽ ഇപ്പോൾ നടത്തുന്ന നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ